(എഫ്) പ്രീമിയം തുക എപ്രകാരം സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) ഖാദി തൊഴിലാളി ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ)

(എ) ഉണ്ട്. സംസ്ഥാനത്ത് ഖാദി ബോർഡിന്റെ കീഴിലും ഖാദി കമ്മീഷന്റെ കീഴിലും ഉള്ള ഖാദി സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന 13,000 തൊഴിലാളികളെ ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കിയത്. ഈ പദ്ധതി 1.6.1999 മുതൽ നിലവിൽവന്നു.

(ബി) മറ്റു സംസ്ഥാനങ്ങളിൽ ഖാദി തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയതായി അറിവില്ല.

(സി) ഇൻഷ്വറൻസ് പദ്ധതിക്ക് ആവശ്യമായ പ്രീമിയം തുക 1998-99 വർഷം എറണാകുളത്തു വച്ച് (1998 ഡിസംബർ 19 മുതൽ 1999 ജനുവരി 15 വരെ) ബോർഡ് നടത്തിയ ഖാദി എക്സിബിഷനിൽ നിന്ന് മിച്ചം കിട്ടിയ തുകയിൽ നിന്ന് സ്വരൂപിച്ചു.

(ഡി) ഇല്ല.

(ഇ) ഉണ്ട്. പ്രതിവർഷം സർവ്വീസ്ടാക്സ് ഉൾപ്പെടെ ഒരു തൊഴിലാളിക്ക് 30 രൂപ ക്രമത്തിൽ 3,90,000 രൂപ (മൂന്നു ലക്ഷത്തിതൊണ്ണൂറായിരം) ഇൻഷ്വറൻസ് പ്രീമിയം ആയി കണക്കാക്കിയിട്ടുണ്ട്.

(എഫ്) പ്രീമിയം തുക എക്സിബിഷനിൽ നിന്ന് മിച്ചം കിട്ടിയ തുകയിൽ നിന്നും സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ജി) 1.6.1999 മുതൽ ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്നുകഴിഞ്ഞു.

22 (*278) ഫയൽ കാണാതായ സംഭവം

ശ്രീ. എ.കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. കെ. സുധാകരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാരിൽ ആരെങ്കിലും അച്ചടക്ക നടപടിയോ, വിജിലൻസ് അന്വേഷണങ്ങൾക്കോ വിധേയരായിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച ഫയലുകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും കാണാതായ സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്ര ഫയലുകൾ കാണാതായിട്ടുണ്ടെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) കാണാതായ ഫയലുകൾ കണ്ടെത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ഫയലുകളുടെ കസ്റ്റോഡിയൻമാർ ആരാണ്; ഈ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) അഴിമതി സംബന്ധിച്ച ഫയലുകൾ കാണാതാകുന്ന പ്രവണത തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി)

(എ) ഉണ്ട്. 201 പേർക്കെതിരെ

(ബി) ഇല്ല.

(സി),(ഡി)&(ഇ) ബാധകമല്ല.

(എഫ്) ഫയലുകൾ കാണാതായിട്ടില്ലാത്തതിനാൽ പ്രത്യേക നടപടി ആവശ്യമില്ല.

23 (*279) സർക്കാർ സ്ഥലം ദുരുപയോഗം ചെയ്യുന്നത് തടയാൻ സംവിധാനം

ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ :

ഡോ. എം.എ. കുട്ടപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും പൊതു ആവശ്യത്തിന് സർക്കാർ സ്ഥലം പതിച്ചു നൽകുമ്പോൾ അത് അനുവദിക്കപ്പെട്ട ആവശ്യത്തിന് തന്നെയാണ് ഉപയോഗിക്കുന്നതെന്ന് പരിശോധിക്കാൻ സംവിധാനമെന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ദുരുപയോഗം നടത്തുന്നതായി കണ്ടെത്തിയാൽ അവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം പട്ടണത്തിനുള്ളിൽ പൊതുആവശ്യത്തിന് സ്മാരകം നിർമ്മിക്കുന്നതിന് പതിച്ചുനൽകിയ സ്ഥലം ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരള പിറവിക്കുശേഷം സ്മാരകങ്ങൾ നിർമ്മിക്കാനും പഠന ഗവേഷണങ്ങൾക്കുമായി ട്രസ്റ്റിന്റെ പേരിൽ പതിച്ചുകൊടുത്ത സ്ഥലം ട്രസ്റ്റിനെ ഒഴിവാക്കിക്കൊണ്ട് മറ്റു ഉദ്ദേശത്തിന് വേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ക്രമക്കേടുകൾ കണ്ടാൽ നടപടി എടുക്കുന്നതിനും തയ്യാറാകുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ)

(എ) ഉണ്ട്.

(ബി) ഭൂമിയുടെ ദുരുപയോഗം കണ്ടെത്തിയാൽ ഭൂമി പതിവ് നിയമപ്രകാരം പതിവ് റദ്ദ് ചെയ്യുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഭൂമി പതിവിന്റെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനും ക്രമക്കേടുകൾ കണ്ടാൽ കർശന നടപടി എടുക്കുവാനും വേണ്ട നിർദ്ദേശങ്ങൾ റവന്യൂ അധികാരികൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly